കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്-31.3.2016 നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിയ്ക്കായിട്ടുള്ള പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യൂ-ബി) വകുപ്പ്**

**സ.ഉ(പി) നം.4/2016/ധന. തീയതി, തിരുവനന്തപുരം, 13/01/2016**

പരാമർശം:- (1) സ.ഉ (പി) നം. 524/15/ധന തീയതി 17/11/2015 .
(2) സ.ഉ.(പി) നം. 579/15/ധന തീയതി 19/12/2015.

**ഉത്തരവ്**

എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിനുമുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം 15 ലക്ഷം രൂപ വരെയുള്ള എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ/വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയ്ക്ക് ഇ-ടെണ്ടറിന്റെ വ്യവസ്ഥകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യം കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഒഴികെ സംസ്ഥാനത്തെ മറ്റ് വകുപ്പുകളിൽ 31.3.2016-നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിയ്ക്കായി നിശ്ചയിച്ചിട്ടുള്ള പരിധി നിലവിലുള്ള അഞ്ച് ലക്ഷം രൂപയിൽ നിന്നും പതിനഞ്ച് ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ഇ-ടെണ്ടർ ഏർപ്പെടുത്തുന്നതിന് മുൻപ് ഗുണഭോക്തൃ സമിതികൾ (Beneficiary Committee) നിലവിലുണ്ടായിരുന്ന മേഖലകളിൽ ടി സമിതികൾ മുഖേന 31.3.2016 വരെ ചെയ്യേണ്ട പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ. കെ.എം. എബ്രഹാം.**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. പൊതുഭരണം (എസ്.സി) വകുപ്പ് 23.12.2015-ലെ യോഗ തീരുമാനം.
5. എല്ലാപ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവൺമെന്റ് സെക്രട്ടറിമാർക്കും,
6. എല്ലാ വകുപ്പ് മേധാവികൾക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
9. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
10. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.
11. നോഡൽ ഓഫീസർ, ധനകാര്യം
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ